പാസ്സാക്കുക തുടങ്ങിയ കാര്യങ്ങളും ചെയ്തു തീർക്കാനുണ്ട്. അതിനാൽ മേൽപ്പറഞ്ഞ ഇനങ്ങളും മുൻകൂട്ടി നിശ്ചയിച്ച സമയത്തിൽനിന്നും അല്പം വൈകി മാത്രമേ തുടങ്ങാൻ സാധിക്കുകയുള്ളു. പ്രസ്തുത സമയമാറ്റത്തിന് സഭയ്ക്ക് സമ്മതമാണെന്നു കരുതുന്നു.

(സഭ സമ്മതിച്ചു)

(2) യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മിഷന്റെ അംഗീകാരം ലഭിക്കാത്തതുമൂലം ഗാന്ധിജി യൂണിവേഴ്സിറ്റി നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. സി. ജോസഫ് : സർ, ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ അനാഥാവസ്ഥ ഈ സഭയിൽ പലതവണ ഉന്നയിച്ചിട്ടുള്ള ഒരു കാര്യമാണ്. 1983 ഒക്ടോബർ മാസം രണ്ടാം തീയതി ആരംഭിച്ച, അഭിവന്ദ്യനായ രാഷ്ട്രപിതാവിന്റെ നാമധേയത്തിൽ ആരംഭിച്ച, ഗാന്ധിജി യൂണിവേഴ്സിറ്റി ഇപ്പോഴും ഒരനാഥാവസ്ഥയിലാണ് എന്നു പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ഇതുവരെ ഈ യൂണിവേഴ്സിറ്റിക്ക് യു. ജി. സി. അംഗീകാരം കൊടുത്തിട്ടില്ല. ഈ സഭയിൽ കഴിഞ്ഞ തവണ പല പ്രാവശ്യം ഈ കാര്യം ഉന്നയിച്ചതാണ്. യു. ജി. സി. യുടെ അംഗീകാരം ഉണ്ടായിട്ടില്ലെങ്കിലും മറ്റു യൂണിവേഴ്സിറ്റികളും ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ബിരുദം അംഗീകരിച്ചിട്ടുണ്ടെന്നാണ് ഇവിടെ പറയുകയുണ്ടായി. നമ്മുടെ പ്രധാനപ്പെട്ട 68 കോളേജുകളും ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുണ്ട്. ഇതിൽപ്പെട്ടത് ഈ കോളേജുകൾക്ക് വലിയ നിർഭാഗ്യമായിരിക്കുകയാണ്. വെളുക്കാൻ തേച്ചത് പാണ്ടായി എന്നു പറഞ്ഞതുപോലെയായി. ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് മാറിയതുമൂലം മുമ്പ് കേരള യൂണിവേഴ്സിറ്റിയിലായിരുന്ന കോളേജുകളുടെ വികസനംപോലും സ്തംനോവസ്ഥയിലാണ്. ഇപ്പോഴും ഗാന്ധിജി യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു മുറിയിൽ. വളരെയധികം അപമാനകരമായ ഒരു കാര്യമാണിത്. 112 ഏക്കർ സ്ഥലം അക്വയർ ചെയ്യാനുള്ള നടപടികളും ആരംഭിച്ചു. അക്വിസിഷനെ സംബന്ധിച്ചുള്ള തർക്കങ്ങളുണ്ടായി. തർക്കങ്ങളുണ്ടായ സാഹചര്യമൊഴിവാക്കിയാൽ പോലും 100 ഏക്കർ സ്ഥലം അക്വയർ ചെയ്യാമായിരുന്നു. അതിനുപോലും നടപടി സ്വീകരിച്ചിട്ടില്ല. 50 ഏക്കറിന്റെ അക്വിസിഷൻ നടപടികളാരംഭിച്ചു എന്നു പറയുന്നു. അതിന്റെ പ്രതിഫലമായ ഒന്നേകാൽകോടി രൂപയിൽ ഒരു നയാപൈസപോലും ഇന്നുവരെ കൊടുത്തിട്ടില്ല. അക്വിസിഷനു ആവശ്യമായ തുക ഗവൺമെന്റ് നീക്കിവയ്ക്കണം. ആ ഷോപ്പിംഗ് കോംപ്ലക്സിൽ ഒരു മാസം നൽകുന്ന വാടക 38,000 രൂപയാണ്. അതായത് 1984 ആഗസ്റ്റ് 18-ാം തീയതി മുതൽ ഇന്നുവരെ ഷോപ്പിംഗ് കോംപ്ലക്സിൽ വാടകയിനത്തിൽ ഏഴരലക്ഷം രൂപ കൊടുത്തിട്ടുണ്ട്. യു. ജി. സി. അംഗീകാരം കിട്ടിക്കഴിഞ്ഞാൽ കെട്ടിടത്തിനുവേണ്ടി, ലൈബ്രറിക്കുവേണ്ടി, ലാബ്രട്ടറിക്കുവേണ്ടി ഗണ്യമായ സഹായം ലഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കാത്തതുകൊണ്ട് ആ പണം ലാപ്സായിപ്പോകുന്നു. സാധാരണഗതിയിൽ ഒരു പുതിയ യൂണിവേഴ്സിറ്റിക്ക് ഒരു വർഷം ഏകദേശം രണ്ടുകോടി രൂപ സഹായം ലഭിക്കും. ആ കണക്കിനാണെങ്കിൽ 1983-ൽ സ്ഥാപിച്ച നമ്മുടെ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഇന്നുവരെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് ഏതാണ്ട് 65 കോടിയിൽ ചിലപ്പോൾ രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്. ആ നിലയ്ക്ക് പോകുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

സമാദരണീയനായ നമ്മുടെ രാഷ്ട്രപിതാവിന്റെ നാമധേയത്തിൽ ഉള്ള ഈ യൂണിവേഴ്സിറ്റി കളങ്കമില്ലാത്ത തരത്തിലുള്ള ഒരു യൂണിവേഴ്സിറ്റിയായി മാറണം. ഈ യൂണിവേഴ്സിറ്റി കേരളത്തിന് അഭിമാനകരമായ ഒരു സ്ഥാപന മാണ്. അതിനു ഗീകാരം ലഭിക്കണം. ഇനി ധാരാളം യൂണിവേഴ്സിറ്റികളും ആരംഭിക്കാൻ പോകുന്നു എന്ന് പത്രത്തിൽ വാർത്ത കണ്ടു. ഓപ്പൺ യൂണി വേഴ്സിറ്റി വരുന്നു, സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി വരുന്നു, ഫിഷറീസ് യൂണിവേഴ്സിറ്റി വരുന്നു, അതുപോലെ നഴ്സിംഗ് യൂണി വേഴ്സിറ്റി വരുന്നു. പുതിയ യൂണിവേഴ്സിറ്റികളും ആരംഭിക്കാനുള്ള പരക്കം പാച്ചിലിനിടയിൽ ആരംഭിച്ച ഈ യൂണിവേഴ്സിറ്റിയെ വിസ്മരിച്ചു പോകരുത്. അതുകൊണ്ട് യു. ജി. സി അംഗീകാരത്തിന് തടസ്സമായി നിൽക്കുന്നത് ഗാന്ധിജി യൂണിവേഴ്സിറ്റി ആക്ടാണെങ്കിൽ അത് അമൻറ് ചെയ്ത് യു. ജി. സി. യുടെ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടിയെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, 1983 ഒക്ടോബർ രണ്ടാം തീയതി നിലവിൽ വന്ന ഗാന്ധിജി യൂണിവേഴ്സിറ്റി യുടെ ചില പോരായ്മകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. അദ്ദേഹം പറഞ്ഞതിൽ കുറെ കാര്യങ്ങളും ശരിയാണ്.

10 a. m.] ഈ യൂണിവേഴ്സിറ്റിക്ക്, യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല എന്നു പറയുന്നത് ശരിയല്ല. ഞാൻ തന്നെ പല പ്രാവശ്യം യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ ചെയർമാനുമായും മറ്റു ബന്ധപ്പെട്ട ആളുകളുമായും ഇതിനെക്കുറിച്ച് ചർച്ച നടത്തുകയും അതിന് തീവ്രമായിട്ടുള്ള നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പക്ഷേ അതിന്റെ ഏറ്റവും അടിസ്ഥാനപരമായ ബുദ്ധിമുട്ടെന്നു പറയുന്നത് ഗാന്ധിജി യൂണിവേഴ്സിറ്റി നിയമമാണ്. ഗാന്ധിജി യൂണിവേഴ്സിറ്റി നിയമം ആദ്യം ഒരു ഓർഡിനൻസായിട്ടാണ് നമ്മൾ പുറപ്പെടുവിച്ചത്. ആ ഓർഡിനൻസ് യു. ജി സി. ക്ക് അയച്ചുകൊടുക്കുകയും യു ജി. സി. യുടെ നിർദ്ദേശങ്ങൾ വാങ്ങുകയും ചെയ്തതാണ്. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ നിർദ്ദേശങ്ങൾ കിട്ടിയതിനുശേഷം അത് നമ്മൾ പരിഗണിച്ചു. ഈ നിയമസഭയിൽ തന്നെ യൂണിവേഴ്സിറ്റി ബിൽ ചർച്ച ചെയ്തു. അതിനു ശേഷം സബ്ജക്ട് കമ്മിറ്റിയുടെ സ്റ്റേജിൽ യു. ജി. സി. യുടെ നിർദ്ദേശങ്ങളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി അംഗങ്ങളോട് അവിടെവച്ച് പറയുകയും ചെയ്തതാണ്. യു. ജി. സി. പറഞ്ഞിരിക്കുന്ന പല നിർദ്ദേശങ്ങളോടും ഭൂരിപക്ഷാഭിപ്രായം അന്ന് സബ്ജക്ട് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. യൂണിവേഴ്സിറ്റി നിയമം ഇവിടെ ചർച്ച ചെയ്തപ്പോൾ തന്നെ ബഹുമാനപ്പെട്ട അംഗങ്ങൾ അതിനോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. അതിനകത്ത് കാതലായിട്ടുള്ള പല മാറ്റങ്ങളും വരുത്തേണ്ടതായിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. പക്ഷേ എടുത്തു പറയാവുന്ന ഒന്നു രണ്ടു കാര്യങ്ങൾ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ഘടനയിലുള്ള മാറ്റങ്ങളാണ്. യു. ജി. സി. ഇന്ത്യ യിലെ യൂണിവേഴ്സിറ്റികളെക്കുറിച്ച് പഠിക്കാൻ വേണ്ടി നിയോഗിച്ചിരുന്ന ഒരു കമ്മീഷനാണ്. ഈ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സെനറ്റ് എന്നു പറയുന്ന ഒരു ബോഡ്യി തന്നെ യൂണിവേഴ്സിറ്റികൾക്ക് ആവശ്യമില്ല എന്ന ഒരു തീരുമാനമാണ് അവർ പറഞ്ഞിരിക്കുന്നത്. പുതുതായി ആരംഭിക്കുന്ന എല്ലാ യൂണിവേഴ്സിറ്റികൾക്കും ഇത് ബാധകമാക്കണമെന്ന് യു. ജി. സി. യൂണിവേഴ്സിറ്റികൾക്കും അതുപോലെ തന്നെ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുപോലെ സീൻഡിക്കേറ്റിൻറെ ഇന്നത്തെ രീതി മാറേണ്ടതായിട്ടുണ്ട്. നമ്മുടെ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റുകളും പരിശോധിച്ചാൽ അതിനകത്ത് പല തരത്തിലുള്ള റെപ്രസൻറേഷനുകളും നമ്മൾ കൊടുക്കുന്നുണ്ട്. ആ റെപ്രസൻറേഷൻറെയെല്ലാം അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ളതാണ് സിൻഡിക്കേറ്റ്. പക്ഷേ യു. ജി.സി. നിർദ്ദേശിക്കുന്നതനുസരിച്ച് ഇങ്ങനെയുള്ള റെപ്രസൻറേഷനുകളൊന്നും പാടില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. പൂർണ്ണമായും അക്കാഡമിഷ്യൻസിനെ കൊണ്ട് തന്നെയായിരിക്കണം യൂണിവേഴ്സിറ്റിയുടെ ഭരണസമിതി, സിൻഡിക്കേറ്റ് രൂപീകരിക്കേണ്ടതെന്നാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ അക്കാഡമിക് കൗൺസിലിൻറെ ഘടനയിലുമെല്ലാം തന്നെ അവർ മാറ്റം നിർദ്ദേശിക്കുന്നുണ്ട്. ഇതുപോലെയുള്ള പല കാര്യങ്ങളോടും യോജിക്കുവാൻ നിയമസഭാംഗങ്ങളും തയ്യാറായിട്ടില്ല, സബ്ജക്ട് കമ്മിറ്റിയും തയ്യാറായിട്ടില്ല. ഞാൻ അതിനുശേഷം 27-7-1984-ൽ കേരളത്തിലെ യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരുടെയും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം വിളിച്ചുകൂട്ടി ആ യോഗത്തിൽ വച്ച് ഈ കാര്യങ്ങളെല്ലാം ചർച്ച ചെയ്യുകയുണ്ടായി. അവിടെ കിട്ടിയ അഭിപ്രായങ്ങളെല്ലാം തന്നെ ഡോക്ടർമാർക്കും ആദിശേഷയ്യാ കമ്മീഷൻറെ പരിഗണനയ്ക്ക് അയച്ചു കൊടുത്തു. അത് നമ്മുടെ യൂണിവേഴ്സിറ്റികളെക്കുറിച്ച് പഠിക്കാൻവേണ്ടി നിയോഗിച്ചിരുന്ന ഒരു കമ്മീഷനാണ്. ആ കമ്മീഷൻ ഈ കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുകയും അതിനുശേഷം ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആ റിപ്പോർട്ടിൽ യു. ജി. സി. യുടെ നിർദ്ദേശങ്ങളെ സംബന്ധിച്ച് അപരുടെ അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അഭിപ്രായങ്ങളും കിട്ടിയതിനുശേഷമാണ് യൂണിവേഴ്സിറ്റികളുടെ അഭിപ്രായങ്ങളും അറിയാൻവേണ്ടി ഇത് ഗവൺമെൻറ് അയച്ചുകൊടുത്തത്. നിർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ പല യൂണിവേഴ്സിറ്റികളുടെയും ഭരണസമിതികളും നിഷേധാത്മകമായ ഒരു സമീപനം സ്വീകരിച്ചു എന്ന് ഖേദത്തോടുകൂടി പറയേണ്ടതായിട്ടുണ്ട്. ഇതുവരെ കാലിക്കട്ട് യൂണിവേഴ്സിറ്റി സെനറ്റ് മാൽക്കും ആദിശേഷയ്യാ കമ്മിഷൻ റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്തത് അഭിപ്രായം അറിയിച്ചിട്ടില്ല. അവരുടെ അഭിപ്രായം എന്തായാലും; ഒന്നുകിൽ യോജിക്കാം, അല്ലെങ്കിൽ വിയോജിക്കാം, അവർ അറിയിച്ചിട്ടില്ല. ധാരാളം നിർദ്ദേശങ്ങളും അതിനകത്തുണ്ട്. അതിനെക്കുറിച്ച് ഒരഭിപ്രായം യൂണിവേഴ്സിറ്റിയുടെ ഭരണസമിതിയോടെ അയച്ചുതരണമെന്ന് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ട് യാതൊരു കാര്യവും കൂടാതെ പല സന്ദർഭത്തിൽ പല കാര്യങ്ങളും പറഞ്ഞ് അത് നീക്കിവയ്ക്കുകയും അവരുടെ അഭിപ്രായം അറിയിക്കാതിരിക്കുകയും ചെയ്തു. അങ്ങനെയൊരു സമീപനം വന്നതുകൊണ്ട് ഗവൺമെൻറിന് അതിനകത്ത് അന്തിമമായ ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ വക കാര്യങ്ങളെല്ലാംകൂടി ഉൾക്കൊണ്ടുകൊണ്ട് കിടക്കുകയാണ്. യു. ജി. സി. ആക്ടിലെ 12(എ) വകുപ്പുപ്രകാരം അവർ നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾ നമ്മൾ അംഗീകരിച്ചെങ്കിൽ മാത്രമെ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻറെ സഹായം നമുക്ക് ലഭ്യമാവുകയുള്ളു. അതുകൊണ്ട് യു. ജി. സി. യുടെ സഹായം ലഭ്യമാകണമെങ്കിൽ യു. ജി. സി. നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികളും നമ്മുടെ യൂണിവേഴ്സിറ്റി നിയമത്തിൽ വരുത്തിയേ പറ്റൂ. അല്ലാതെ കിട്ടുകയില്ല. അത് വളരെ ഗൗരവമായിതന്നെ ഗവൺമെൻറ് പരിഗണിച്ചു കൊണ്ടിരിക്കുകയാണ്. ഞാൻ വീണ്ടും ഏപ്രിൽ ആദ്യം ഈ കാര്യത്തിനായിട്ട് യു. ജി. സി ചെയർമാനെ കാണുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. ലാൻഡ് അക്വിസിഷനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യേഹം പറഞ്ഞത് ശരിയാണ്. വളരെ ഭീമമായ ഒരു തുക വാടക കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് ഒഴിവാക്കണമെന്ന ആഗ്രഹം ഗവൺമെൻറിനുണ്ട്. കോട്ടയം താലൂക്കിൽ കൽപ്പാത്തിമല-നാൽപ്പാത്തിമല എന്ന സ്ഥലത്താണ് യൂണിവേഴ്സിറ്റിക്കു വേണ്ടിയുള്ള സ്ഥലം അക്വയർ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നത്. അവിടെ ഇപ്പോൾ 45.61 ഹെക്ടർ ഭൂമിയാണ് ലാൻഡ് അക്വിസിഷൻ ആരംഭിച്ചിരിക്കുന്നത്. അതിനകത്ത് 20 ഹെക്ടർ ഭൂമി അഡ്വാൻസ് പൊസഷൻ കിട്ടുവാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതിനുള്ള പണം ഉടനേതന്നെ ഗവൺമെൻറ് കൊടുക്കുന്നതാണ്. ഏപ്രിൽ മാസത്തിൽതന്നെ അഡ്വാൻസ് പൊസഷൻ കിട്ടുവാനുള്ള സ്ഥലം ലഭ്യമാക്കിക്കൊണ്ട്, ഒരു ടെമ്പററി കൺസ്ട്രക്ഷൻ അവിടെ ഉണ്ടാക്കിക്കൊണ്ട്, എത്രയും വേഗം യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം ഇപ്പോൾ ഏറെറടുത്തിരിക്കുന്ന സ്ഥലത്തേക്ക് മാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 1986-87-ൽ യൂണിവേഴ്സിറ്റിക്കാവശ്യമുള്ള സംവിധാനങ്ങളോടുകൂടി യൂണിവേഴ്സിറ്റി പൂർണ്ണമായിട്ടും പ്രവർത്തിപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. കോളേജുകൾക്ക് ഗ്രാൻറ് കിട്ടുന്നില്ല എന്ന് അദ്ധ്യേഹം സൂചിപ്പിച്ചു. അത് ശരിയല്ല. യു. ജി. സി. യുടെ അംഗീകാരം കിട്ടിയെങ്കിൽ മാത്രമെ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനത്തിനുവേണ്ടി പണിയുന്ന കെട്ടിടത്തിനും ലൈബ്രറിക്കും മറ്റുകാര്യങ്ങൾക്കും ഗ്രാൻറ് കിട്ടുകയുള്ളൂ. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകൾക്കുള്ള ഗ്രാൻറ് കിട്ടുന്നുണ്ട്. അതുപോലെ യു. ജി. സി. യുടെ അംഗീകാരം ഇല്ലാത്തതുകൊണ്ട് ഡിഗ്രിക്കോ അല്ലെങ്കിൽ മറ്റു കാര്യങ്ങൾക്കോ ഒന്നും യൂണിവേഴ്സിറ്റി കൊടുക്കുന്ന നിയമസാധുത ഇല്ലാതില്ല. അതുകൊണ്ട് അങ്ങനെയുള്ള യാതൊരു ബുദ്ധിമുട്ടുമില്ല. ആകെ കൂടി യൂണിവേഴ്സിറ്റിക്ക് കിട്ടാവുന്ന കുറച്ച് സാമ്പത്തിക സഹായം ലഭ്യമാകുന്നില്ലെന്നു മാത്രമെയുള്ളൂ. കോളേജുകൾക്ക് ഇപ്പോഴും ഗ്രാൻറ് കിട്ടുന്നുണ്ട്. ലാൻഡ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ് : യു. ജി. സി. യുടെ വ്യവസ്ഥ അംഗീകരിക്കാതെ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് അംഗീകാരം ലഭിക്കുകയില്ല എന്ന് ബോധ്യമുണ്ടെങ്കിൽ ദയവായി യു. ജി. സി. പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഗാന്ധിജി യൂണിവേഴ്സിറ്റി ആക്ട് അമൻഡ് ചെയ്യുവാനും അമൻഡ് ചെയ്യുമ്പോൾ ജനാധിപത്യ സ്വഭാവം നിലനിറുത്താനും ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ഏപ്രിൽ ആദ്യവാരം ഒന്നുകൂടി യു. ജി. സി. ചെയർമാനെ കാണുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ടു കാര്യങ്ങൾ നടക്കുകയില്ല. ജനാധിപത്യ സ്വഭാവം നിലനിറുത്തണമെങ്കിൽ യു. ജി. സി. യുടെ നിർദ്ദേശം അംഗീകരിക്കാൻ സാധ്യമല്ല. യു. ജി. സി. പറഞ്ഞിരിക്കുന്നതനുസരിച്ച് സെനറ്റും സിൻഡിക്കേറ്റുമൊന്നും പാടില്ല എന്നാണ്. അവസാനം നിർവ്വാഹമില്ലാതെ വന്നാൽ നമ്മൾ യൂണിവേഴ്സിറ്റി ആക്ട് അമൻഡ് ചെയ്തേ പറ്റൂ.

V സബ്മിഷൻ

(1) റാന്നിയിൽ താലൂക്കാശുപത്രി സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീമതി ഏയ്ച്ചൽ സണ്ണി പനവേലിൽ : സർ, പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ ഇതുവരെയായി ഒരു താലൂക്കാശുപത്രി ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly